പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3172

20-06-2014 ൽ മറുപടിക്ക്

## അഗ്രോസർവ്വീസ് സെന്ററുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്,<br>ശ്രീ. എ.റ്റി. ജോർജ് | | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പതിനാലു ജില്ലകളിലെ, തെരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം നടത്തിവരുന്നു. |
| (ബി) അഗ്രോ സർവ്വീസ് സെന്ററുകൾ വഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) | 1. കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിച്ചെലവും. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ, മെഷിനറികൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.<br>2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>3. മണ്ണ് പരിശോധന, രോഗ കീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നു.<br>4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവനകേന്ദ്രങ്ങളിൽ ലഭ്യമാണ്. യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.<br>5. കൃഷിയിലും അനുബന്ധ മേഖലകളിലും യുവാക്കൾക്ക് താൽപ്പര്യവും പ്രാഗൽഭ്യവും ഉറപ്പ് വരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കർഷകരിൽ എത്തിക്കുന്നു. |
| (സി) കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കാൻ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്പെട്ടുമെന്നാണ് കരുതപ്പെടുന്നത്; വിശദമാക്കുമോ; | (സി) | അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കുന്നു. കാർഷിക യന്ത്രങ്ങൾ സേവനകേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുകയും തൊഴിലാളി ക്ഷാമം |

പരിഹരിക്കുന്നതിന് പ്രവർത്തിക്കുകയും ചെയ്യുന്നു. നിലം ഒരുക്കൽ, മരുന്നു തളി, വിളവെടുപ്പ്, തേങ്ങയിടൽ എന്നീ പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു.

(ഡി) സംസ്ഥാനത്ത് ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലായി 35 കർഷക സേവന കേന്ദ്രങ്ങൾ അഥവാ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

| നം. | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | കഴക്കൂട്ടം, പാറശ്ശാല |
| 2 | കൊല്ലം | പത്തനാപുരം, ചടയമംഗലം |
| 3 | പത്തനംതിട്ട | റാന്നി, കോന്നി |
| 4 | ആലപ്പുഴ | കായംകുളം, ചെങ്ങന്നൂർ |
| 5 | കോട്ടയം | പള്ളം, കടുത്തുരുത്തി |
| 6 | ഇടുക്കി | തൊടുപുഴ, ഇടുക്കി |
| 7 | എറണാകുളം | കോതമംഗലം, പാമ്പാക്കുട, ആലങ്ങാട് |
| 8 | തൃശ്ശൂർ | പഴയന്നൂർ, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി |
| 9 | പാലക്കാട് | മലമ്പുഴ, പട്ടാമ്പി |
| 10 | മലപ്പുറം | പെരിന്തൽമണ്ണ, കുറ്റിപ്പുറം, പെരുമ്പടപ്പ് |
| 11 | കോഴിക്കോട് | പേരാമ്പ്ര, മേലടി, കുന്നുമ്മേൽ, കൊടുവള്ളി |
| 12 | വയനാട് | കല്പറ്റ, മാനന്തവാടി, അമ്പലവയൽ |
| 13 | കണ്ണൂർ | കൂത്തുപറമ്പ്, ഇരിക്കൂർ, പയ്യന്നൂർ |
| 14 | കാസർഗോഡ് | നീലേശ്വരം, മഞ്ചേശ്വരം |

എന്നീ ബ്ലോക്കുകളിലാണ് ഇവ പ്രവർത്തിക്കുന്നത്.

സെക്ഷൻ ഓഫീസർ